# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.12.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ഭരണ-പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ലോക്സഭാ നടപടികൾ തടസ്സപ്പെടുന്നതിൽ അതൃപ്തി പ്രകടിപ്പിച്ച് സ്പീക്കർ ഓം ബിർള. രാജ്യസഭാ അദ്ധ്യക്ഷൻ ജഗ്ദീപ് ധൻഖറിനെതിരെ അവിശ്വാസപ്രമേയത്തിന് നോട്ടീസ് നൽകി പ്രതിപക്ഷം.

   **Both houses of Parliament were adjourned for today following a row between the ruling and opposition. Speaker Om Birla expressed dissatisfaction over the disruption of Lok Sabha proceedings. The opposition has given a notice for a no-confidence motion against Rajya Sabha Chairman Jagdeep Dhankhar.**

2) കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള പ്രശ്നങ്ങളിലെ കൃത്യമായ ഇടപെടലുകളിലൂടെ ഇന്ത്യ ഗ്ലോബൽ സൗത്തിന്റെ ശബ്ദമായി മാറിയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   **President Draupadi Murmu said that India has become the voice of the Global South through its precise interventions on issues including climate change.**

3) പ്രതിരോധ മേഖലയിൽ റഷ്യയുമായുള്ള ബഹുമുഖ സഹകരണം ആഴത്തിലാക്കുന്ന ചർച്ചകൾ ഫലപ്രദമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്.

   **Defence Minister Rajnath Singh said that talks to deepen multilateral cooperation with Russia in the defence sector are effective.**

**4)** രാജ്യത്ത് വരും വർഷങ്ങളിൽ നഗരവൽക്കരണം 40 മുതൽ 50 ശതമാനം വരെ വർധിക്കുമെന്ന് കേന്ദ്ര മന്ത്രി മനോഹർ ലാൽ ഖട്ടർ.

   **Union Minister Manohar Lal Khattar said that urbanization in the country will increase by 40 to 50 percent in the coming years.**

5) കേരളത്തിൽ 31 തദ്ദേശ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് ഇന്ന് നടന്നു. വോട്ടെണ്ണൽ നാളെ.

**By-elections to 31 local body wards were held today in Kerala. Counting of votes tomorrow.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## PARL. ADJOURNED

ഭരണ-പ്രതിപക്ഷ വാഗ്വാദത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. 12 മണി വരെ നിർത്തിവച്ച് സഭാനടപടികൾ പുനരാരംഭിച്ചെങ്കിലും ബഹളം തുടർന്നതിനാൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു. ലോക്സഭാ നടപടികൾ തുടർച്ചയായി തടസ്സപ്പെടുന്നതിൽ അതൃപ്തി പ്രകടിപ്പിച്ച സ്പീക്കർ ഓം ബിർള പ്രതിപക്ഷ എംപിമാരുടെ പെരുമാറ്റത്തെ രൂക്ഷമായി വിമർശിച്ചു. എന്നാൽ ഭരണപക്ഷമാണ് നടപടികൾ തടസ്സപ്പെടുത്തുന്നതെന്ന് പ്രതിപക്ഷ എംപിമാർ പ്രതികരിച്ചു. ഇതിനെതിരെ ഭരണപക്ഷ എംപിമാർ മുദ്രാവാക്യവുമായി രംഗത്തു വന്നതോടെ സഭ പ്രക്ഷുബ്ധമായി. തുടർന്ന് നടപടിക്രമങ്ങൾ നിർത്തിവയ്ക്കുകയായിരുന്നു. രാജ്യസഭയിലും സമാന സംഭവങ്ങളാണ് അരങ്ങേറിയത്. ഡൽഹിയിലെ ക്രമസമാധാന പ്രശ്നങ്ങൾ ആം ആദ്മി എംപി സഞ്ജയ് സിങ്ങ് സഭയിൽ ഉന്നയിച്ചു. ഇതിനെതിരെ ഭരണപക്ഷ എംപിമാർ രംഗത്തുവന്നതോടെ സഭ പ്രക്ഷുബ്ധമായി. തുടർന്ന് സഭാനടപടികൾ നിർത്തിവയ്ക്കുന്നതായി രാജ്യസഭാ അധ്യക്ഷൻ ജഗ്ദീപ് ധൻകർ അറിയിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&

## KIREN RIJIJU:PARLIAMENT

പാർലമെന്റ് നടപടികൾ സുഗമമായി നടക്കേണ്ടതിന്റെ പ്രാധാന്യം ആവർത്തിച്ച് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. സംവാദങ്ങളിലും ചർച്ചകളിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ പാർലമെന്റ് അംഗങ്ങളോട് അദ്ദേഹം അഭ്യർത്ഥിച്ചു. സുപ്രധാന നിയമ നിർമ്മാണങ്ങൾ നടത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും, പാർലമെൻ്റിലെ എല്ലാ അംഗങ്ങളുടെയും ചർച്ചകൾക്കും

നിർദ്ദേശങ്ങൾക്കും മുൻഗണന നൽകുമെന്നും ശ്രീ റിജിജു പറഞ്ഞു.

&&&&&&&&&&&&&&&&&&

## JAGDEEP DHANKAR

രാജ്യസഭാധ്യക്ഷൻ ജഗ്ദീപ് ധൻകറിനെതിരെ അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകി പ്രതിപക്ഷം.

രാജ്യസഭാധ്യക്ഷനെന്ന നിലയിൽ പക്ഷപാതപരമായ സമീപനം പുലർത്തുന്നതായി ആരോപിച്ചാണ് ഐ.എൻ.ഡി.ഐ.എ എംപിമാർ അവിശ്വാസ പ്രമേയം കൊണ്ടുവരുന്നത്.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## PREZ NHRC (INTO)

കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള പ്രശ്നങ്ങളിലെ കൃത്യമായ ഇടപെടലുകളിലൂടെ ഇന്ത്യ ഗ്ലോബൽ സൗത്തിന്റെ ശബ്ദമായി മാറിയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ഊർജ്ജ സംരക്ഷണ ബിൽ ഭാവി തലമുറക്കായുള്ള ഇന്ത്യയുടെ പ്രതിബദ്ധതയുടെ തെളിവാണെന്നും ശ്രീമതി മുർമു പറഞ്ഞു.

അന്താരാഷ്ട്ര മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

(ഹോൾഡ്)

സാധാരണക്കാരുടെ ശബ്ദമാകുന്നതിൽ ദേശീയ മനുഷ്യാവകാശ കമ്മീഷനെയും ഇന്ത്യൻ നീതിന്യായ വ്യവസ്ഥയെയും രാഷ്ട്രപതി പ്രശംസിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## DAY RAJNATH-RUS

ഇന്ത്യ- റഷ്യ സൈനിക സഹകരണ കമ്മീഷന്റെ 21-ാ മത് യോഗം രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിൻറെയും, റഷ്യൻ പ്രതിരോധ മന്ത്രി ആന്ദ്രേ ബെലസോവിൻറെയും സംയുക്ത അദ്ധ്യക്ഷതയിൽ ചേർന്നു. പ്രതിരോധ മേഖലയിൽ റഷ്യയുമായുള്ള ബഹുമുഖ സഹകരണം ആഴത്തിലാക്കുന്ന ഫലപ്രദമായ ചർച്ചകൾ

നടന്നതായി ശ്രീ.രാജ്നാഥ് സിങ് യോഗത്തിനു ശേഷം സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താൻ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## JAISHANKAR MEETING

വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കർ ഇന്ന് ഡൽഹിയിൽ അമേരിക്കൻ ജൂത സമിതി പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-യുഎസ് ഉഭയകക്ഷി പങ്കാളിത്തത്തെക്കുറിച്ചും പശ്ചിമേഷ്യയിലെ സംഭവവികാസങ്ങളെക്കുറിച്ചും അവർ ചർച്ച ചെയ്യു. ഇന്ത്യ-യുഎസ് ബന്ധത്തിന് അമേരിക്കൻ ജൂത സമിതിയുടെ ദീർഘകാല പിന്തുണയെ വിലമതിക്കുന്നതായി ജയശങ്കർ സോഷ്യൽ മീഡിയ പോസ്റ്റിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## URBAN- MANOHAR

രാജ്യത്ത് നഗരവൽക്കരണം 35 ശതമാനമായി വർധിച്ചെന്ന് കേന്ദ്ര നഗര, ഭവനകാര്യ മന്ത്രി മനോഹർ ലാൽ ഖട്ടർ. വരും വർഷങ്ങളിൽ ഇത് 40-50 ശതമാനത്തിലെത്തുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. നഗരവൽക്കരണത്തോത് ഉയരുന്നതിനൊപ്പം രാജ്യത്ത് അടിസ്ഥാന സൗകര്യങ്ങളുടെ പ്രാധാന്യവും വർദ്ധിച്ചതായി കേന്ദ്രമന്ത്രി വ്യക്തമാക്കി. പ്രധാനമന്ത്രി ആവാസ് യോജന 2.0 യിലൂടെ നഗരപ്രദേശങ്ങളിൽ ഒരു കോടി വീടുകൾ നിർമ്മിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ വർഷം ഏഴുലക്ഷം വീടുകളുടെ നിർമ്മാണം ഉറപ്പുനൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## SAKTHIKANTHA DAS

റിസർവ് ബാങ്കിന്റെ പുതിയ ഗവർണറായി റവന്യൂ സെക്രട്ടറി സഞ്ജയ് മൽഹോത്ര നാളെ ചുമതലയേൽക്കും. മൂന്ന് വർഷത്തേക്കാണ് നിയമനം.

&&&&&&&&&&&&&&&&&&

**JITENDRA CIC**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കഴിഞ്ഞ പത്ത് വർഷമായി സുതാര്യവും പൗര കേന്ദ്രീകൃതവുമായ ഭരണം വളർത്തിയെടുത്തതായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു. 2018-ഓടെ കേന്ദ്ര സർക്കാർ ഓഫീസുകളുടെ 80 ശതമാനത്തിലധികം പ്രവർത്തനങ്ങളും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയതായി കേന്ദ്ര വിവരാവകാശ കമ്മീഷൻ്റെ 16-ാാം വാർഷിക കൺവെൻഷനെ അഭിസംബോധന ചെയ്യുകൊണ്ട് മന്ത്രി പറഞ്ഞു. മുഖ്യ വിവരാവകാശ കമ്മീഷണർ ഹീരാലാൽ സമരിയ ചടങ്ങിൽ സംബന്ധിച്ചു.

&&&&&&&&&&&&&&&&&&

**IFFK-2024 (INTRO)**

29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് വെള്ളിയാഴ്ച തിരുവനന്തപുരത്ത് തുടക്കമാകും. വൈകിട്ട് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ചലച്ചിത്ര മേള ഉദ്ഘാടനം ചെയ്യും. മേളയുടെ ഡെലിഗേറ്റ് സെൽ ഉദ്ഘാടനവും പാസ് വിതരണവും ഇന്ന് മന്ത്രി സജി ചെറിയാൻ നിർവഹിച്ചു. ലോകത്തിന്റെ ഒരുമയാണ് ചലച്ചിത്ര മേളകളുടെ ലക്ഷ്യമെന്നും ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് കേരള രാജ്യാന്തര ചലച്ചിത്ര മേളയെന്നും ശ്രീ. സജി ചെറിയാൻ പറഞ്ഞു. ഡെലിഗേറ്റുകൾക്ക് കൃത്യമായി സിനിമ കാണാനുള്ള സംവിധാനം ഒരുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

**(HOLD VOICE)**

&&&&&&&&&&&&&&&&&&

**HEAD LINE – 5**

**BY ELECTION**

കേരളത്തിൽ 31 തദ്ദേശ വാർഡുകളിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ് നടന്നു. മലപ്പുറം ജില്ലാ പഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ പതിനൊന്ന് ജില്ലകളിലായി നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ,

23 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ്. വോട്ടെണ്ണൽ നാളെ രാവിലെ 10 മണിക്ക് ആരംഭിക്കും.

&&&&&&&&&&&&&&&&&&

## SM KRISHNA

അന്തരിച്ച മുൻ കർണാടക മുഖ്യമന്ത്രി എസ്.എം കൃഷ്ണയുടെ സംസ്കാരം ജന്മനാടായ മദ്ദൂരിലെ സോമനഹള്ളിയിൽ നാളെ നടക്കും. വാർധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് ബംഗളുരുവിലെ വസതിയിൽ ഇന്ന് പുലർച്ചെയായിരുന്നു അന്ത്യം. രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ ഉൾപ്പെടെയുള്ളവർ അനുശോചനം രേഖപ്പെടുത്തി. കർണാടക സർക്കാർ മൂന്ന് ദിവസത്തെ ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## CM – FINANCE COMMISSION

ദുരന്തപൂർവ പുനർനിർമാണത്തിന് ആവശ്യമായ വിഭവങ്ങൾ സംസ്ഥാനത്തിന് മാത്രമായി കണ്ടെത്താൻ കഴിയുന്നതല്ലെന്ന് 16-ാം ധനകാര്യ കമ്മിഷനുമായുള്ള കൂടിക്കാഴ്ചയിൽ മുഖ്യമന്ത്രി പിണറായി വിജയൻ. ഈ പ്രശ്നത്തിൽ സംസ്ഥാനത്തിന് സാമ്പത്തിക സഹായത്തിനുള്ള ശുപാർശ ധനകാര്യ കമ്മീഷൻ നടത്തണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. യു.ഡി.എഫ് തയാറാക്കിയ നിർദ്ദേശങ്ങൾ ധനകാര്യ കമ്മിഷൻറെ പരിഗണനയ്ക്കായി സമർപ്പിച്ചതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം 41 ശതമാനത്തിൽ നിന്നും 50 ശതമാനമാക്കി ഉയർത്തണമെന്ന ആവശ്യം കമ്മീഷൻറെ ശ്രദ്ധയിൽപ്പെടുത്തിയതായും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&

## RAIN - KERALA

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ മറ്റന്നാൾ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കേരള തീരത്ത് ഈ മാസം 12, 13 തീയതികളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## RS-TB DEATHS

2023 ൽ രാജ്യത്തുടനീളമുള്ള ക്ഷയരോഗം മൂലമുള്ള മരണം 21.4 ശതമാനം കുറഞ്ഞതായി കേന്ദ്രസർക്കാർ. രാജ്യത്ത് ക്ഷയരോഗബാധയിൽ 17.7 ശതമാനം കുറവുണ്ടായിട്ടുണ്ടെന്ന് സഹമന്ത്രി അനുപ്രിയ പട്ടേൽ രാജ്യസഭയിൽ പറഞ്ഞു. ഇന്ത്യയെ ടിബി വിമുക്തമാക്കാൻ ദേശീയ ക്ഷയരോഗ നിർമാർജന പദ്ധതിയിലൂടെ കേന്ദ്രസർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ശ്രീമതി അനുപ്രിയ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&